# കേരള വനം വകുപ്പ്

## നെന്മാറ ഫോറസ്റ്റ് ഡിവിഷൻ

KFDDO/66168/2025/DFONMR/C1

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നെന്മാറ, പാലക്കാട് ജില്ല-678 508
E-mail : dfo-nenmara.for@kerala.gov.in
ഫോൺ നമ്പർ 04923-243179

തിയ്യതി : 19.01.2026

## ദർഘാസ്/ലേല പരസ്യം

നെന്മാറ വനം ഡിവിഷനിലെ കൊല്ലങ്കോട് റെയിഞ്ചിലെ കൊല്ലങ്കോട് സെക്ഷനിൽപ്പെട്ട ചപ്പക്കാട് ഭാഗത്ത് വിവിധ ഒ.എ.കേസുകളിൽപ്പെട്ടതും സർക്കാരിന് അനുകൂല വിധിയായിട്ടുള്ളതും, കൂടാതെ ടി ഭാഗത്തു തന്നെയുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തതുമായ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന ഫല വൃക്ഷങ്ങളിൽ നിന്നും താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നതായ കായ്ഫലങ്ങൾ ഉടമ്പടി വെച്ച തിയതി മുതൽ **30.06.2026** വരെയുള്ള കാലയളവിൽ ശേഖരിച്ച് കൊണ്ടുപോകുന്നതിനുള്ള അവകാശം **05.02.2026** ന് ഉച്ചയ്ക്ക് ശേഷം **3** മണിക്ക് കൊല്ലങ്കോട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ദർഘാസ് / ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലദിവസം പൊതു അവധിയോ ഹർത്താലോ പ്രഖ്യാപിക്കുന്ന പക്ഷം പ്രസ്തുത ദർഘാസ് / ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതാണ്.

**05.02.2026** ന് ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളുന്നതിനോ, ഏതെങ്കിലും സ്ഥലത്തെ ശേഖരണത്തിന് ആരും തന്നെ മുന്നോട്ട് വരാതിരിക്കുകയോ, ടെണ്ടർ/ലേലം റദ്ദ് ചെയ്യുകയോ ചെയ്യുന്ന പക്ഷം പട്ടികയിൽ കാണിച്ച വിളകൾ **12.02.2026, 19.02.2026,** തിയ്യതിക്ക് നിശ്ചിത സ്ഥലത്തും സമയത്തും ദർഘാസ് /ലേല പ്രകാരം വിൽപ്പന നടത്തുന്നതായിരിക്കും.

### പട്ടിക

| ക്രമ നമ്പർ | സർക്കാറിന് അനുകൂലമായി വിധിയായ ഒ.എ കേസ്സുകൾ | ഭൂമിയുടെ വിവരം | മരങ്ങളുടെ പേരും എണ്ണവും |
|---|---|---|---|
| 1 | ഒ.എ 3/04 (കുഞ്ചുമണി) | സർക്കാറിന് അനുകൂലമായി വിധി ഉണ്ടായ കേസ്സിൽ ഉൾപ്പെട്ട വനഭൂമി | മാവ് 266 എണ്ണം<br>നെല്ലി 1 എണ്ണം<br>പഞ്ഞിപൂള 2 എണ്ണം |
| 2 | ഒ.എ 17/04 (4.8 Acre) | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (ചെന്താമര) | മാവ് 19 എണ്ണം<br>പുളി 3 എണ്ണം<br>നെല്ലി 4 എണ്ണം<br>കശുമാവ് 2 എണ്ണം |
| 3 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (ഇസ്മയിൽ) | മാവ് 17 എണ്ണം<br>പുളി1 എണ്ണം |
| 4 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (ആറുച്ചാമി) | മാവ് 7എണ്ണം<br>പഞ്ഞിപൂള4 എണ്ണം |
| 5 | | 2001 നോട്ടിഫിക്കേഷൻ പ്രകാരം പിടിച്ചെടുത്തസ്ഥലം (നൈസ്മാത്യൂ) | മാവ് 3 എണ്ണം<br>നെല്ലി 39 എണ്ണം |

| | | | |
|---|---|---|---|
| 6 | ഒ.എ 22/04 ( 6.79 Acre) | സർക്കാറിന് അനുകൂലമായി വിധി ഉണ്ടായ കേസ്സിൽ ഉൾപ്പെട്ട വനഭൂമി (മൈമ്മൂൺ ഉമ്മ) | മാവ് 250 എണ്ണം<br>പഞ്ഞിപൂള45 എണ്ണം<br>പുളി 2 എണ്ണം<br>നെല്ലി 3 എണ്ണം |
| 7 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (കോശു, S/o വേലായുധൻ) | മാവ് 1 എണ്ണം<br>പുളി1 എണ്ണം |
| 8 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (ലക്ഷ്മി) | മാവ് 18 എണ്ണം |
| 9 | | സർക്കാരിനനുകൂലമായി വിധിയുണ്ടായ കേസിൽ ഉൾപ്പെട്ട വനഭൂമി (അയ്യപ്പൻ) | മാവ് 25 എണ്ണം |
| 10 | ഒ.എ 23/04 & ഒ.എ 31/04 (5 Acre) | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (കുഞ്ചുവേലൻ) | മാവ് 50 എണ്ണം<br>നെല്ലി 8 എണ്ണം<br>പുളി 2 എണ്ണം |
| 11 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (ഗോപാലൻ) | മാവ് 18 എണ്ണം<br>നെല്ലി 8 എണ്ണം |
| 12 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (കൃഷ്ണൻ) | മാവ് 18 എണ്ണം<br>നെല്ലി 1 എണ്ണം |
| 13 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (മോഹനൻ) | മാവ് 15 എണ്ണം<br>നെല്ലി 4 എണ്ണം |
| 14 | ഒ.എ 24/04 (3 Acre) (സേതു) | സർക്കാറിന് അനുകൂലമായി വിധി ഉണ്ടായ കേസ്സിൽ ഉൾപ്പെട്ട വനഭൂമി | മാവ് 30 എണ്ണം<br>കശുമാവ് 1 എണ്ണം |
| 15 | ഒ.എ. 25/04 (4.50 Acre) | സർക്കാറിന് അനുകൂലമായി വിധി ഉണ്ടായ കേസ്സിൽ ഉൾപ്പെട്ട വനഭൂമി | മാവ് 38 എണ്ണം<br>നെല്ലി 4 എണ്ണം |
| 16 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (അപ്പുകുട്ടൻ) | മാവ് 42എണ്ണം<br>പഞ്ഞിപൂള 5 എണ്ണം<br>പുളി 6 എണ്ണം<br>കശുമാവ് 4 എണ്ണം<br>നെല്ലി 5 എണ്ണം |
| 17 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (രാജൻ) | മാവ് 8 എണ്ണം<br>പുളി 4 എണ്ണം<br>കശുമാവ് 146 എണ്ണം<br>നെല്ലി 5 എണ്ണം |
| 18 | ഒ.എ 26/04 (4 Acre) | സർക്കാറിന് അനുകൂലമായി വിധി ഉണ്ടായ കേസ്സിൽ ഉൾപ്പെട്ട വനഭൂമി (ആണ്ടി, S/o വെള്ള) | മാവ് 100 എണ്ണം<br>കശുമാവ് 8 എണ്ണം<br>നെല്ലി 2 എണ്ണം<br>പ്ലാവ് 1 എണ്ണം |
| 19 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി(കോശു S/o ആണ്ടി ) | മാവ് 52 എണ്ണം<br>കശുമാവ് 4 എണ്ണം |
| 20 | | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത വനഭൂമി (ഹംസ) | മാവ് 60 എണ്ണം<br>പഞ്ഞിപൂള10 എണ്ണം<br>പുളി1 എണ്ണം<br>കശുമാവ് 12 എണ്ണം<br>നെല്ലി 1 എണ്ണം<br>പ്ലാവ് 1 എണ്ണം |

| | | |
|---|---|---|
| ദർഘാസ് ഫോറത്തിന്റെ വില | : | 500 രൂപ + GST(18%) |
| നിരതദ്രവ്യം | : | 5000/- രൂപ |
| ദർഘാസ് ലഭിക്കുന്ന അവസാന തിയതി | : | **05.02.2026** ഉച്ചയ്ക്ക് **1** മണി വരെ |
| ദർഘാസ് സമർപ്പിക്കേണ്ട അവസാന തിയതി | : | **05.02.2026** ഉച്ചയ്ക്ക് 2.30 മണി വരെ |
| കരാർ കാലാവധി | : | ഉടമ്പടി തിയതി മുതൽ **30.06.2026** വരെ |
| ലേലത്തിയതിയും സ്ഥലവും | : | റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്. കൊല്ലങ്കോട്, **05.02.2026** തിയ്യതി ഉച്ചയ്ക്ക് ശേഷം **3** മണിക്ക് |
| അടുത്ത ലേലത്തിയതിയും സമയവും | | **12.02.2026, 19.02.2026** ഉച്ചയ്ക്ക് ശേഷം **3** മണിക്ക് |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നെന്മാറ.

# ലേല നിബന്ധനകൾ

1. ദർഘാസ് / ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇലക്ഷൻ ഐഡന്റിറ്റി കാർഡ് / ഡ്രൈവിങ്ങ് ലൈസൻസ് / പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഇൻകം ടാക്സ് പാൻ കാർഡും നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനു മുൻപായി ഹാജരാക്കേണ്ടതാണ്. കൂടാതെ ദർഘാസ് / ലേല നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ തൻമൂലം സർക്കാരിന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഈടാക്കാവുന്നതാണെന്ന് സമ്മതിച്ചുകൊണ്ട് ഒരു സമ്മതപത്രം ഒപ്പ് വയ്ക്കേണ്ടതാണ്. മേൽ വിവരിച്ച സർട്ടിഫിക്കറ്റോ, ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ദർഘാസ് / ലേലത്തിൽ പങ്കുകൊള്ളുവാൻ അനുവദിക്കുന്നതല്ല.
2. ദർഘാസ് / ലേലത്തിൽ പങ്കെടുക്കുന്നവർ ദർഘാസ് / ലേലത്തിന് മുൻപായി വിൽപ്പനയ്ക്ക് വെച്ചിരിക്കുന്ന വിഭവങ്ങളുടെ ഗുണനിലവാരവും മറ്റും നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിനുശേഷം ഈ വക കാര്യത്തെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.
3. വിജയിയായ ദർഘാസ് / ലേലക്കാരൻ ലേലം കഴിഞ്ഞയുടൻ മൊത്ത വില 20000/- രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും അതിൽ കൂടുതലാണെങ്കിൽ മൊത്തം ലേലത്തുകയുടെ 35% വില, കുറഞ്ഞത് 20000 രൂപയും, കൂടിയത് 100000 രൂപയും എന്ന കണക്കിൽ മൊത്തം പണമായോ ഡി.ഡി ആയോ ലേല ദിവസം തന്നെ അടയ്ക്കേണ്ടതാണ്. ലേല സംഖ്യയുടെ 35% തുക 1 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ലേല ദിവസം അടച്ച 100000 (ഒരു ലക്ഷം) രൂപ കിഴിച്ച് ബാക്കി തുക ലേലദിവസം കഴിഞ്ഞ് 7 പ്രവൃത്തി ദിവസത്തിനകം ട്രഷറിയിൽ അടച്ച് രസീതി ഹാജരാക്കേണ്ടതാണ്. നിശ്ചിതതുക ഒടുക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്തതായി കണക്കാക്കി നിരതദ്രവ്യം ഉൾപ്പെടെയുള്ള തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതാണ്. അഡ്വാൻസ് തുക അവസാനം നീക്കം ചെയ്യുന്ന വന വിഭവങ്ങളുടെ വിലയിലേയ്ക്ക് മാത്രമേ വകകൊള്ളിക്കുകയുള്ളൂ.
4. ദർഘാസ് ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പും ബാക്കി തുകയും അടച്ച് തീർക്കുവാനുള്ള ചലാൻ ഫോറവും അയച്ച തിയ്യതി മുതൽ 15 ദിവസത്തിനകം ചലാൻ ഫോറത്തിൽ കാണിച്ചിട്ടുള്ള തുക സർക്കാരിന്റെ നിർദ്ദിഷ്ട ഖജനാവിൽ അടച്ച് ചലാൻ രശീത് റെയിഞ്ച് ഓഫീസർക്ക് എത്തിച്ച് കൊടുക്കേണ്ടതാണ്.
5. മേൽ സൂചിപ്പിച്ച 15 ദിവസത്തിനകം തുക അടയ്ക്കാത്തപക്ഷം പതിനെട്ട് ശതമാനം (18%) പലിശയോടു കൂടി ബാക്കി തുക അടക്കുന്നതിന് ഒരു മാസം (30 ദിവസം) വരെയും, ഇരുപത്തിനാല് ശതമാനം (24%) പലിശയും പിഴപലിശയിന്മേൽ രണ്ടരശതമാനം (2.5%) ശതമാനം സർചാർജ്ജും ഈടാക്കി കൊണ്ട് അടുത്ത ഒരു മാസം വരെയും (30 ദിവസം) 36% പിഴപ്പലിശയും പിഴപലിശയിന്മേൽ 5% സർചാർജ്ജും ഈടാക്കി കൊണ്ട് വീണ്ടും ഒരു മാസം കൂടിയും (30 ദിവസം) ഇങ്ങനെ ആകെ 3 മാസം വരെ (90 ദിവസം) റെയിഞ്ച് ഓഫീസർക്ക് കാലാവധി ദീർഘിപ്പിച്ച് അനുവദിക്കാവുന്നതാണ്. അപ്രകാരം ദീർഘിപ്പിച്ച സമയപരിധിക്കകവും പണമടക്കാതെ വന്നാൽ, അടച്ച തുക സർക്കാരിലേക്ക് കണ്ടുകെട്ടുകയും ലേലം കൊണ്ട വഹകൾ വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർദർഘാസ് / ലേലം വഴി വിറ്റഴിക്കുന്നതുമാണ്.

(മറുപുറം)

6. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിയത് അറിയിക്കുന്ന തിയ്യതി മുതൽ 130 ദിവസത്തിനകം (നൂറ്റിമുപ്പത്ത് ദിവസം) എല്ലാ തുകയും അടച്ചുതീർക്കാത്തപക്ഷം ദർഘാസ്/ലേലം റദ്ദാക്കുന്നതും ആയത് ദർഘാസ്/ലേലക്കാരന് 10 ദിവസത്തെ അവധി വെച്ച് മുൻകൂടി നോട്ടീസ് കൊടുത്തതിനു ശേഷം അതെ റെയിഞ്ചിലെ ദർഘാസ്/ലേലത്തിൽ പ്രകാരം പുനർലേല വില്പന നടത്തുന്നതുമാണ്. തന്മൂലം ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന എല്ല കഷ്ടനഷ്ടങ്ങൾക്കും ആദ്യ ലേലക്കാരൻ / ദർഘാസക്കാരൻ ഉത്തരവാദിയാകുന്നതുമാണ്.

7. ദർഘാസ്/ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ താഴെപ്പറയുന്ന അധികാരങ്ങൾ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

അ. ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റേയോ നിരതദ്രവ്യം യാതൊരു കാരണവും പറയാതെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

ആ. ദർഘാസ്/ലേലത്തിനായി പരസ്യപ്പെടുത്തിയ ഏതെങ്കിലും ലോട്ടുകൾ വിൽക്കാതിരിക്കുകയോ പരസ്യപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും ലോട്ട് വിൽക്കുകയോ ചെയ്യാവുന്നതാണ്.

ഇ. ലേലത്തിന് പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും നടപടികളിൽ ഏർപ്പെട്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ലേലക്കാരനെ ലേലത്തിൽ നിന്നോ ലേല സ്ഥലത്തു നിന്നോ പുറത്താക്കാവുന്നതാണ്.

ഉ. ലേലം വിളിക്കുന്നവർ പരോക്ഷമായി യോജിച്ച് സർക്കാരിനെ പ്രതികൂലമായി ബാധിക്കുന്ന നടപടികളിൽ ഏർപ്പെട്ട് പ്രതീക്ഷിച്ച വില ലഭിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ ലേലം നിർത്തി വയ്ക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

8. പോസ്റ്റ് ഓഫർ ദർഘാസ്/ലേലം നടത്തി 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ആയത് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രം പരിഗണിക്കുന്നതാണ്. ദർഘാസ് / ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ, കൊല്ലങ്കോട് ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.

9. ദർഘാസ്/ലേല പരസ്യത്തിലെ പൊതുവായ നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

ഈ ദർഘാസ്/ലേല പരസ്യം കേരളാ വനംവകുപ്പിന്റെ വെബ് സൈറ്റുകളായ www.forest.kerala.gov.in & www.fmiskerala.org എന്നിവയിലും ലഭ്യമാണ്.

പി. പ്രവീൺ
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ
(ബഹു. കേരള ഗവർണ്ണർക്കു വേണ്ടി)